# സ്കൂൾ കഥാപുസ്തകം



# എസ്.എച്ച്.ജി.എച്ച്.എസ്

## ഭരണങ്ങാനം

# എസ്.എച്ച്.ജി.എച്ച്.എസ്. ഭരണങ്ങാനം



സ്ത്രീകൾക്ക് മികച്ച വിദ്യാഭ്യാസം" - ഈ ലക്ഷ്യത്തിനായി ഒമ്പത് ദശകങ്ങൾക്കുമുമ്പ് കത്തോലിക്കാ പുരോഹിതനായ റവ ഫാ. ഫ്രാൻസിസ് തുടിപ്പാറ നടത്തിയ പരിശ്രമമാണ് ഭരണങ്ങാനം സേക്രട്ട് ഹാർട്ട് ഗേൾസ് ഹൈസ്കൂൾ . പിൽക്കാലം ലോകമെങ്ങും ഭരണങ്ങാനം പ്രശസ്തമായപ്പോൾ ഈ സ്കൂളും സ്വന്തം സംഭാവനകളുമായി അതിനൊപ്പമുണ്ട്.

റവന്യൂ ജില്ല

**കോട്ടയം**

വിദ്യാഭ്യാസ ജില്ല

പാലാ

ഉപജില്ല

പാലാ

പ്രധാന അദ്ധ്യാപിക

സി.സെലിൻ ലൂക്കോസ്

പി.ടി.എ പ്രസിഡന്റ്

ശ്രീ.ജൈറ്റോ ജോസ്

എം.പി.ടി.എ പ്രസിഡന്റ്

റ്റിഷ റിജോ

കോട്ടയം ജില്ലയുടെ വിവിധ പ്രദേശങ്ങളിൽ നിന്ന് കുട്ടികൾ മികച്ച വിദ്യാഭ്യാസത്തിനായി ഈ സ്കൂളിനെ ആശ്രയിക്കുന്നു. "എല്ലാ മേഖലയിലും ഞങ്ങളുണ്ട് "— ഇതാണ് SH ന്റെ സമീപനം. പഠനം, കല, കായികം , ശാസ്ത്രമേള , ആത്മീയ പ്രവർത്തനങ്ങൾ .....എല്ലാ രംഗത്തും കുട്ടികളെ പങ്കാളികളാക്കുക - -വിജയിപ്പിക്കുക ഇതാണ് സ്കൂൾ പിൻതുടരുന്ന ശൈലി. സംസ്ഥാന തലത്തിൽ ഏറ്റവും മികച്ച സ്കൂളിനുള്ള അംഗീകാരം വർഷങ്ങൾക്കു മുമ്പു തന്നെ സ്കൂളിന് നേടാനായത് ഈ സമീപനവും കഠിനാദ്ധ്വാനവും കൊണ്ടാണ്.

# ഉള്ളടക്കം


| | | |
|---|---|---|
| `1. | എന്റെ വിദ്യാലയം | **4** |
| 2. | ജാലകം | 5 |
| 3. | കോവിഡ് എന്ന മഹാവ്യാധി | 6 |
| 4. | വെളിച്ചം | 7 |
| 5. | വിദ്യാലയം | 8 |
| 6. | പൂന്തോട്ടം | 9 |
| 7. | അമ്മ | 10 |
| 8. | വിനോദയാത്ര | 11 |
| 9. | വിദ്യാലയം | 12 |
| 10. | പൊതിച്ചോറ് | 13 |
| 11. | ചിരാത് | 14 |
| 12. | എന്റെ വിദ്യാലയം | 15 |
| 13. | വിദ്യാലയ സ്മരണകൾ | 16 |
| 14. | എൻ പ്രിയ വിദ്യാലയം | 17 |
| 15. | പ്രഭാതം | 18 |
| 16. | എന്റെ വിദ്യാലയം | 19 |
| 17. | വിദ്യാലയം | 20 |
| 18. | ഞാനും എന്റെ കൂട്ടുകാരിയും | 21 |
| 19. | സ്കൂൾ ഓർമ്മകൾ | 22 |

# എഡിറ്റോറിയൽ അംഗങ്ങൾ

1. ആവണി രാജ്
2. രൂപിക.പി.രൂപേഷ്
3. ആൻമരിയ ജിജോ
4. സ്നിഗ്ദ്ധാ കൃഷ്ണ.എസ്
5. തെരേസാ ജേയ്സൺ
6. നയന റോണി
7. അമല സെബാസ്റ്റ്യൻ
8. ദിയാ ജോബി

# എന്റെ വിദ്യാലയം

കരച്ചിലാണ് എന്റെ വിദ്യാലയജിവിതത്തിന്റെ തുടക്കം.ഇത് എന്റെ ഓർമ്മയിൽ ഇപ്പോഴും മായാതേ കിടക്കുന്നു. അത് എന്റെ ഓർമ്മശക്തികൊണ്ടല്ല ; മറിച്ച് എന്റെ അപ്പനും അമ്മയുമാണ് ആ ദിവസത്തെ കുറിച്ച് എന്നോട് പറഞ്ഞത് . വിദ്യാലയം എന്നു പറയുന്നതിനെ ഒറ്റവാക്യത്തിൽ വിവരിക്കാൻകഴിയാവുന്ന ഒരു പദം എനിക്കറിയില്ല. വിദ്യാലയത്തിൽ ചിലപ്പോൾ നമ്മൾ സന്തോഷിക്കുന്നു കരയുന്നു,പേടിക്കുന്നു, അത്ഭുതസ്തബ്ധരാകുന്നു. അങ്ങനെയൊക്കെ...... വിദ്യാലയത്തിനെ കുറിച്ച് എഴുതുവാൻ ഒരായിരംകാര്യങ്ങൾ ഉണ്ടെങ്കിലും എവിടെനിന്നു തുടങ്ങണമെന്ന് അറിയില്ല .

വിദ്യാലയത്തിൽ നിന്നാണ് പല സൗഹൃദങ്ങളുടെയും തുടക്കമെന്നു പറയാം.സൗഹൃദങ്ങളുടേതു മാത്രമല്ല ദേഷ്യത്തിന്റെയും പകയുടെയുംമെല്ലാം.താൻ എന്തെന്നും,തന്നിലേ കഴിവുകളെന്തെല്ലാമെന്നും അറിയുവാൻ സാധിക്കുന്ന ഏറ്റവും എളുപ്പമുള്ള ഒരു വേദിയാണ് വിദ്യാലയം. അധ്യാപകരുടെയും,സുഹൃത്തുകളുടെയും കൂടെ ഒന്നിച്ച് സ്നേഹത്തിലൂടെയും പിണക്കങ്ങളിലൂടെയും കടന്നുപോകുന്നു കാലഘട്ടമാണ് വിദ്യാലയ ജീവിതം.നമ്മുടെ ജീവിതത്തിലെ ഏറ്റവും മനോഹരമായ നിമിഷങ്ങൾ.ജീവിതമെന്തെന്നോ എങ്ങനെയെന്നോയെന്ന ചോദ്യത്തിന്റെ ആദ്യഉത്തരങ്ങൾ നാം പലരും കണ്ടുപിടിക്കുന്നത് വിദ്യാലയത്തിന്റെ പടിയ്ക്കലിൽ നിന്നുതന്നെയാവണം.ഭാവി കാര്യങ്ങളെക്കുറിച്ച് ഒരു വ്യക്തത ഉണ്ടാക്കിയാൽ നാം വിദ്യാലയത്തിന്റെ കാലഘട്ടത്തിൽ വിജയം കൈവരിച്ചു. ജീവിത മുല്യങ്ങളും പാഠങ്ങളും സൗഹൃദങ്ങളുമൊക്കെ ഒരുമിച്ച് ഒരു കുടയുടെ കീഴിൽ എന്നപ്പോലെ നമുക്ക് കൊണ്ടുപോകാൻ സാധിക്കണം.കൊച്ചു കൊച്ചു പിണക്കങ്ങൾ ആ കാലഘട്ടത്തിലെ ഒരു സ്വഭാവികതയാണെന്ന് നാം മനസ്സിലാക്കണം. എന്നാൽ മാത്രമേ പീന്നീടുള്ള ഭാവി ജീവിതത്തിലെ ഇതിലും വലിയ പ്രശ്നങ്ങളെ നേരിടാനും അതിജീവിക്കാനും നമുക്ക് സാധിക്കൂ.അതിനായുള്ള ആദ്യപാഠങ്ങൾ നമുക്ക് വിദ്യാലയത്തിൽ നിന്നു ലഭിക്കിന്നതാണ്.

നമുക്ക് ഒത്തൊരുമിച്ച് സന്തോഷത്തോടെയും സമാധാനത്തോടുകൂടെയും കൊറോണപോലുള്ള മഹാമാരികളെ അതിജീവിച്ച് വീണ്ടും ഒത്തൊരുമിക്കാൻ വിദ്യാലയമെന്ന വെറുമൊരു കെട്ടിടത്തേയ്ക്കുമാത്രമല്ലാതെ വിദ്യാലയമെന്ന ഒരു വികാരത്തിലേയ്ക്ക് തിരിച്ചുവരാം.




ആവണി രാജ്

# ജാലകം

വിദ്യാലയം  വിദ്യയുടെ ആരംഭമാണ്
വിദ്യാലയം സുഹൃത്ബന്ധങ്ങളുടെ കലവറയാണ്
വിദ്യാലയത്തിൽനിന്ന്  നാം പടിയിറങ്ങുമ്പോൾ വെളിച്ചത്തിന്റെയും
അറിവിന്റെയും നിറകുടമായിത്തീരും
വിദ്യാലയം ഒരു ചെറുമരമാണ്
അതിൽ സന്തോഷത്തോടെ പൂത്ത് നിൽക്കുന്ന
പൂക്കളാണ് വിദ്യാർത്ഥികൾ
വിദ്യാലയം വിദ്യ നൽകുന്ന ജനലുകളാണ്
പഠനത്തിലും കളികളിലും കലകളിലുമുള്ള
കഴിവ് വളർത്തുന്നു
വിദ്യ എന്ന വഴികളിലൂടെ നാം നടക്കുമ്പോൾ നമ്മൾക്ക്
കൂട്ടായി അദ്ധ്യാപകരും കൂട്ടകാരും ഉണ്ടാകും.




**രൂപിക.പി.രൂപേഷ്**

# കോവിഡ് എന്ന മഹാവ്യാധി

മനുഷ്യരും പക്ഷികളും ഉൾപ്പടെയുള്ള സസ്തനികളിൽ രോഗമുണ്ടാക്കുന്ന ഒരുകുട്ടം വൈറസുകളാണ് കോറോണ. ബോങ്കൈറ്റിസ് ബാധിച്ച പക്ഷികളിൽ നിന്ന് 1937-ൽ ആണ് ആദ്യമായി കോറോണവൈറസിനെ തിരിച്ചറിഞ്ഞത്. 2019 ഡിസംബർ അവസാനത്തോടെ ചൈനയിലെ വുഹാനിൽ പടർന്നു പിടിച്ച വൈറസ് മൂന്ന് മാസത്തിനകം എൺപതിലധികം രാജ്യങ്ങളിലേക്ക് വ്യപിച്ചു കഴിഞ്ഞു.

കോവിഡ് 19 ഇന്ത്യയിലാദ്യമായി റിപ്പോർട്ട് ചെയ്ത് കേരളത്തിലാണ്. ചൈനയിൽ നിന്നെത്തിയ മൂന്ന് വിദ്യാർത്ഥികളിലാണ് രോഗം കണ്ടെത്തിയത്. രോഗത്തെക്കുറിച്ച്ആഗോളതലത്തിൽസൂചനലഭിച്ചയുടൻതന്നെകേരളആരോഗ്യവകുപ്പ് ശക്തമായമുന്നൊരുക്കംനടത്തിയിരുന്നു.ശരീരസ്രവങ്ങളിൽനിന്നാണ് രോഗം പടർന്നത്. വായും മൂക്കും മൂടാതെ തുമ്മുമ്പോഴും ചുമക്കുമ്പോഴും ഇവ വായുവിലൂടെ പടരുകയും അടുത്തുള്ളവരിലേക്ക് വൈറസ് എത്തുകയും ചെയ്യും. വൈറസ് സാന്നിധ്യമുള്ള ആളെ സ്പർശിക്കുമ്പോഴോ അയാൾക്ക് ഹസ്തദാനം നൽകുമ്പോഴോ രോഗം മറ്റൊരാളിലേക്ക് പടരാം. കോറോണവൈറസ് ബാധയ്ക്ക് കൃത്യമായ മരുന്നില്ല. എന്നാൽ രോഗപ്രതിരോധത്തിനായി വാക്സിനുകൾ നിലവിൽ ഉണ്ട്. മാസ്കും സാനിറ്റൈസറും ഉപയോഗിക്കുന്നതിലൂടെ ഒരു പരിധിവരെ കോറോണയെ പ്രതിരോധിക്കാൻ സാധിക്കും.

രോഗങ്ങൾ ഉള്ളവർക്ക് കോറോണവൈറസ് ബാധയെ കൃത്യമായി പ്രതിരോധിക്കാൻ സാധിക്കില്ല. അത് മരണത്തിനിടയാക്കും. ആരോഗ്യപരമായി ദുർബലരെയാണ് വൈറസ് പെട്ടെന്ന് കീഴടക്കുക. അതിനാൽ ഈ സാഹചര്യത്തിൽ നാം ഏറെ മുൻകരുതലുകൾ സ്വികരിക്കണം.



**ആൻമരിയ ജിജോ**

# വെളിച്ചം

അക്ഷരത്തിൻ നറുങ്ങു വെളിച്ചം
പകർന്നു തരുമീ വിദ്യാലയം
അക്ഷരങ്ങളാകുന്ന ഇലകൾ
നിറയുമൊരു വൃക്ഷമാകുന്നീ വിദ്യാലയം
നമ്മുടെ പാതയിൽ വളരുവാൻ
നമ്മെ നയിക്കുന്നതീ വിദ്യാലയം
മാധുര്യമേറും പുതുസൗഹൃദത്തിൻ
നാമ്പു വിടർത്തുമീ വിദ്യാലയം
ഇണക്കങ്ങളും പിണക്കങ്ങളും
ഇടചേർന്നോഴുകുമൊരു അരുവിയാകുന്നീ വിദ്യാലയം
വ്യത്യസ്തങ്ങളാകുന്ന പൂക്കളെ
ഒരു കുട്ടയിലാക്കുമീ വിദ്യാലയം
ഓർക്കുന്നു ഞാൻ മധുരമാം
ഒർമ്മകൾ നിറക്കും എൻ വിദ്യാലയം .........



സ്നിഗ്താ കൃഷ്ണ.എസ്

# വിദ്യാലയം

അമ്മയാം ആദ്യഗുരുനാഥയേകിയ
അമൃതാകും അക്ഷരജ്വാലയെ
അണയാതെയെന്നിൽ ആളിപടർത്തിയ
അറിവിൻെറ കേദാരമെൻെറ വിദ്യാലയം
അറിവാകും ആ മരത്തണൽ ചൂടി നിൽക്കുകിൽ
അകതാരിൽ കുളിർമഴയേകിയെൻ
അകമേ വെളിച്ചം ചൊരിഞ്ഞിടും
അറിവിൻ സ്മരണമാം എൻെറ വിദ്യാലയം .



**അമി ജോഷി**

# പൂന്തോട്ടം

**അറിവാകുന്ന പുഴയിൽ ഞാൻ**
**ഒരു തോണിയായി തുഴഞ്ഞു**
**നന്മയാകുന്ന വെളിച്ചം പകരും**
**അറിവാകുന്ന വിളക്കുമേന്തി**
**വിജ്ഞാനത്തിന്റെ പൂന്തോട്ടത്തിൽ**
**ഞാൻ ഒരു പൂമ്പാറ്റയായി മാറി.**



**റിയാമോൾ റെന്നി**

# അമ്മ

ലോകത്തിൻ സത്യമാം ദീപം
പ്രകാശിപ്പൂ ഓരോ ദിനവും
ദൈവത്തിൻ സ്നേഹസമ്മാനമാം
അമ്മയാകും ദീപം
തെളിയുന്നു നിത്യവും.

കഷ്ടപ്പാടിൻ വേദനയെ
സന്തോഷമായ് എതിരേൽപ്പൂ
കൂട്ടായ് തഴുകിത്തലോടും
മാരുതൻ തൻ ആനന്ദക്കുളിരും
സന്തോഷം പകരും
പൂക്കൾതൻ നൃത്തവും
കൂട്ടായിരിപ്പൂ ആശ്വാസമായ്.....



ദിയാ ജോബി

# വിനോദയാത്ര

ഞാൻ  എന്റെ വിദ്യാലയത്തെ സ്നേഹിക്കുന്നു. എന്റെ  അധ്യാപകരെ ബഹുമാനിക്കുന്നു. ഒരു ദിവസം ഞങ്ങളുടെ  വിദ്യാലയത്തിൽ നിന്ന് ഒരു വിനോദയാത്ര പോയി.ഞങ്ങൾ പോയത് പാലക്കാടാണ്. അവിടെ മലമ്പുഴ ഡാമിൽ. അതുവഴി ഞങ്ങൾ പുല്ലുവഴി വാ.റാണിമരിയയുടെ പള്ളിയിൽ പോയി. ഞാനും കൂട്ടുകാരും അധ്യാപകരും ചേർന്ന ഒരു രസകരമായ യാത്രയായിരുന്നു അത്.




ജെനിയാ ആനി ജോ

# വിദ്യാലയം

പരസ്പരസ്നേഹത്തിനുതകീടും നന്മതൻ
ജീവിതം പഠിപ്പിച്ചതും വിദ്യാലയച്ചുവരുകൾ
വിദ്യാഭ്യാസമെൻ ജീവിതത്തിൽ വെളിച്ചമായ്
തെളിക്കുന്ന ദീപമാണെൻ വിദ്യാലയം.

പുസ്തകച്ചുവരുകളിൽ തളച്ചിടാതെ -
യെന്നെ നല്ല ചിന്തകളിൽ വഴിനടത്തും വിദ്യാലയം
ജീവിതവീഥിയിലുടനീളം ഓർമ്മിക്കാൻ
നല്ലോർമ്മകളൊത്തിരി തന്നൊരെൻ വിദ്യാലയം.




നേഹാമരിയ ജോബി

# പൊതിച്ചോറ്

**അറിവു പകരുന്ന അദ്ധ്യാപകരും**
**അറിവു തേടുന്ന കുട്ടികളും**
**ഒന്നിച്ചുവാഴുന്ന വിദ്യാലയം**
**ഇരുട്ടിൽ വെളിച്ചം പോൽ**
**വേനലിൽ മഴതുള്ളിപോൽ**
**വിദ്യാർത്ഥിയ്ക്ക് വിദ്യാലയം**
**നന്മയും തിൻമയും വേർതിരിയ്ക്കാനും**
**ജീവിത പാഠങ്ങൾ ഉൾക്കൊള്ളാനും**
**യാത്രികനു പൊതിച്ചോറുപോൽ**
**ഏവർക്കും പ്രിയപ്പെട്ട വിദ്യാലയം......**



ഏയ്ഞ്ചൽ ബാബു

# ചിരാത്

**കലാലയമേ നിനക്കൊരർച്ചന**
**പാതയിൽ വെളിച്ചമായ്**
**അക്ഷരങ്ങൾ തേടിയെന്നെ**
**വിദ്യയ്ക്ക് ആരംഭം കുറിച്ച അക്ഷരങ്ങൾ**
**കുറിപ്പുകളായ് കഥകളായ്**
**കവിതയായ് ഉദിക്കുന്നീ കലാലയത്തിൽ**
**അറിവിൻ ചിരാതുകൾ തെളിയിപ്പി**
**ച്ചെൻ ഗുരുനാഥ**
**വെളിച്ചമായ് യാത്രയായ്**
**കലാലയത്തിൽ പടികൾ കടന്ന്......**



**വൈഗാ ബിനു**

# എന്റെ വിദ്യാലയം

അറിവുപകർന്നു തരും വിദ്യാലയമേ......
നിനക്കു വന്ദനം......
ഓർമ്മതൻ ജാലകവാതിലിലൂടെ
വിദ്യാലയത്തെ നോക്കിനിൽക്കെ
അക്ഷരങ്ങൾ ആദ്യം എഴുതിച്ചു
സ്നേഹത്തിൻ മധുര്യം നിറഞ്ഞ വിദ്യാലയമേ
നിനക്കു വന്ദനം......
മഷിത്തണ്ടിൻ മണമുള്ള പഠനമുറിയെ
മറക്കാത്ത ഓർമ്മയായി കാത്തുവെച്ചു.
ഗുരു ശിഷ്യ ബന്ധത്തിൽ പവിത്രതയെ
ഊട്ടി ഉറപ്പിച്ച പാഠശാല...
എറിഞ്ഞു വീഴ്ത്തിയ പച്ച പുളിമാങ്ങ
ഉപ്പും കൂട്ടി കഴിച്ചപ്പോൾ.....
സ്നേഹത്തിൻ മാധുര്യം നിറഞ്ഞ വിദ്യാലയം.




**അലീനാ മരിയ നോബിൾ**

# വിദ്യാലയ സ്മരണകൾ

അഖിലാണ്ഡ മണ്ഡലവും
ജനഗണമനയും തീർന്നപ്പോൾ
മനസ്സു കാതോർത്തു
ടാക്കീസിലെ ഉച്ചഭാഷിണിക്ക്
കളിയാക്കിപ്പേരിനു
മറുപടി കൊടുത്തു
കോമ്പസ്സും ഡിവൈഡറും
മാഷിന്റെ കിഴുക്കുമറന്നു
കണക്കു പുസ്തകത്താൾ
വഞ്ചിയാക്കി
മഴയുടെ കൊഞ്ഞനം
അവസാന മണി
പരീക്ഷ കഴിഞ്ഞു
മനസ്സ് ഓണാവധിയിൽ
ഗൃഹപാഠം മറന്നു
കാലിലെ നീറ്റൽ
ഓർമ്മയിൽ
വിശപ്പ് ക്ലാസ്സ് മുറിവിട്ടു
ചുറ്റിനടന്നു
ഉപ്പുമാവ് പുരയ്ക്ക്
വെളിയിൽ കാക്കയും
നായും തമ്മിൽ തല്ല്.
മഴയും വെയിലും
കണ്ണും പൊത്തികളിച്ചു
സ്ക്കൂൾ മൈതാനത്ത്
നീണ്ട മണിയടിക്ക്
കാതോർത്തു
പള്ളിക്കൂടപ്പടിക്കൽ
മഴ......



**തെരേസാ ജേയ്സൺ**

# എൻ പ്രിയ വിദ്യാലയം

അഞ്ചാം വയസ്സിൽ ആദ്യമായ്
നിൻ മുറ്റത്തെത്തി ഞാൻ
എൻ പ്രിയ വിദ്യാലയമേ
അക്ഷര മുറ്റത്തന്ന്
അന്തിച്ചു നിന്നു ഞാൻ
എങ്ങോട്ട് നീങ്ങണമെന്നറിയാതെ
നിർമ്മല പുഞ്ചിരിയുമായ്
സ്നേഹം പകർന്ന് പാഠങ്ങൾ
ചൊല്ലിതന്നവരല്ലോ
എൻ പ്രിയ ഗുരുക്കന്മാർ
സന്തോഷ സമയത്തും
ദുഃഖത്തിനൊപ്പവും
ഒരു മെയ്യായ് നിന്ന കൂട്ടുകാർ..............



നയന റോണി

# പ്രഭാതം

ഒരു നാൾ പുലർകാലേ
ഉണർന്നുവന്നുടൻ,
പടിവാതിൽക്കൽ ചെന്നുനിന്നു,
വിരിഞ്ഞ പൂവ് നോക്കിനിൽക്കെ,
അതിൽ ചിത്രശലഭങ്ങൾ വന്നിരുന്നു
ഹാ! മുറ്റുംശോഭനിറഞ്ഞവ പാറുന്നു
ആനന്ദത്തിൽ, മിത്രങ്ങളായ് ഭ്രമരങ്ങളും
നല്ലൊരു പുഞ്ചിരി തുകി രവിയും
ഒപ്പം തായയായ പ്രകൃതിയും
എന്തൊരഴകാണീ ഭൂമിക്ക് !
ഒപ്പം ജീവജാലങ്ങൾക്കും



**അമല സെബാസ്റ്റ്യൻ**

## എൻെറ വിദ്യാലയം

ആദ്യാക്ഷരം പകർന്നൊരെൻ വിദ്യാലയം
കൂട്ടുകാരെ സ്വന്തം കൂടപിറപ്പായ് കാണാൻ
പഠിപ്പിച്ച വിദ്യാലയം ജീവിതത്തിലുണ്ടെൻ
വിദ്യാലയതീരാത്ത ഓർമ്മകൾ
ശിക്ഷിച്ചും, ശാസിച്ചും, വാത്സല്യം പകർന്നും
ആദ്യാക്ഷരം ഓതിതന്നൊരെൻ അധ്യാപകരെ
ഞാനാദ്യം കണ്ട വിദ്യാലയം
പരസ്പര സ്നേഹവും സഹായവും ജീവിതമെന്തെന്ന്
പഠിപ്പിച്ചൊരെൻ വിദ്യാലയം
വിദ്യാലയത്തിൻ മഹിമ എത്രവർണ്ണിച്ചാലും.......



ജിയന്നമരിയ സെബാസ്റ്റ്യൻ

# വിദ്യാലയം

വിദ്യാലയത്തിൽ നിന്നും ആദ്യാക്ഷരം
നുകരും നാം
വിദ്യകൾ അഭ്യസിക്കും നാം .

വെളിച്ചത്തിൻെറ പടിവിൽ
അറിവിൽ വളരും നാം

വിദ്യാലയമല്ലേ അറിവിൻ നിറവ്
വിദ്യാലയം സുഹൃത്തുബന്ധങ്ങളുടെ
കലവറയാണല്ലോ

ഗുരുക്കന്മാരുടെ അറിവുകൾ
നമ്മിൽ നിറയ്ക്കും

വിദ്യാലയങ്ങൾ വിദ്യയുടെ ആരംഭമാണ്

പഠനത്തിലും,കളികളിലും,കലകളിലും
നമ്മെ വളർത്തുന്നു

വിദ്യാലയത്തിൽ നിന്നും പടവുകൾ ഇറങ്ങുമ്പോൾ
വെളിച്ചത്തിൻെറയും അറിവിൻെറയും
നിറകുടമായി മാറണം നാം



**നിരഞ്ജന ജിജി**

# ഞാനും എന്റെ കൂട്ടുകാരിയും

അവളായിരുന്നു എന്റെ പ്രിയ കൂട്ടുകാരി
നാലാം ക്ലാസ് പൂർത്തിയാക്കി
അവൾ മടങ്ങിയപ്പോൾ
എന്നെങ്കിലും തിരികെ എത്തുമെന്ന്
ഞാൻ ആശിച്ചു ..........
കൊറോണ എന്ന കുഞ്ഞൻ ഭൂതം
ഞങ്ങളുടെ സൗഹൃദത്തെ തടസ്സപ്പെടുത്തി
പാതിവഴിക്ക് അടഞ്ഞ വിദ്യാലയങ്ങൾ.....
പിണക്കവും ഇണക്കവും
കൂടിക്കുഴഞ്ഞ വിദ്യാലയ അനുഭവങ്ങൾ
കൂട്ടുകാർ കുത്തിവരച്ച മായാലോകത്തെ ചിത്രങ്ങൾ
ഈറനണിഞ്ഞ വരാന്തകൾ
ബോർഡിൽ മായാതെ അവശേഷിക്കുന്ന
വർത്തമാനക്കാരുടെ പേരുകൾ.......
മറന്നു വച്ച ഗണിത പുസ്തകം
എല്ലാം നിന്റെ ഓർമ്മ
എന്നിൽ നിറക്കുന്നു......... കൂട്ടുകാരി......
പുതിയ വിദ്യാലയം പുതിയ കൂട്ടുകാർ
എല്ലാവരിലും നിന്നെ ഞാൻ കാണുന്നു
നിൻ നിഷ്കളങ്ക സ്നേഹവും....




**വൈഗ ശിനിൽ**

# സ്ക്രൂൾ ഓർമ്മകൾ

സ്ക്രൂൾ ഓർമ്മകൾ എന്നു പറയുമ്പോൾ സൗഹൃദ ബന്ധങ്ങൾ.സൗഹൃദം എന്നു പറയുന്നത് ആരോഗ്യത്തിന് ഹാനികരമല്ലാത്ത ഒരു ലഹരി തന്നെ ആണ് എന്ന് പറയാം. നല്ല ബന്ധങ്ങളെ തമ്മിൽ വേർതിരിക്കാൻ ഈ ലോകത്തിലെ ഒരു ശക്തിയ്ക്കും കഴിയില്ല .അങ്ങനെ ചെറിയ ചെറിയ ബന്ധങ്ങൾ ചേർന്ന ഒരു വലിയ ബന്ധം തന്നെ ആയിരുന്നു എനിക്ക് ഉണ്ടായിരുന്നത്. നല്ല സൗഹൃദ ബന്ധങ്ങൾ സന്തോഷങ്ങളും സങ്കടങ്ങളും നിറഞ്ഞ ആ കൂട്ടത്തിൽ ചെറിയ ഇണക്കങ്ങളും പിണക്കങ്ങളും സാധാണമായിരുന്നു. അതിൽ ഞങ്ങൾ തന്നെ പരിഹാരങ്ങളും കണ്ടെത്തിയിരുന്നു.പഠിക്കാനാണ് പോകുന്നതെങ്കിലും സ്നേഹബന്ധങ്ങളിൽ ഒരു പിഴവും വരുത്താറില്ലയിരുന്നു. അങ്ങനെ ചെറിയ സന്തോഷങ്ങൾ നിറഞ്ഞ ഞങ്ങളുടെ ആ വലിയ ലോകം ഒരു ചെറിയ മഹാമാരിയിൽ അവസാനിച്ചു എന്നു കരുതി. എന്നാൽ അത് ഇന്നും തുടരുന്നു . പക്ഷേ ആ ബന്ധത്തിൽ ഒരു തകരാറും ഞങ്ങൾ വരുത്തിയിട്ടില്ല. ഇപ്പോഴും ആ കുടുംബത്തിലെ അംഗങ്ങൾക്ക് എന്തെങ്കിലും സന്തോഷങ്ങളോ സങ്കടങ്ങളോ ഉണ്ടെങ്കിൽ അതെല്ലാം പങ്കുവെച്ച സന്തോഷത്തോടെ സ്നേഹത്തോടെ ആ ബന്ധം ഇന്നും നിലനിൽക്കുന്നു.



**സനം.വി.സിറാജ്**

വിദ്യാലയസ്മരണകൾ പങ്കുവെച്ച എല്ലാവർക്കും...................

# നന്ദി

